# KERALA PRIVATE COLLEGE MANAGEMENTS' ASSOCIATION

KPCMA SINCE 1960

*(Registered under Travancore-Cochin Literary Scientific & Charitable Societies' Registration Act XII of 1955 Reg.S.No.Tr.12 of 1960, 03-05-1960)*

E mail : kpcma1960@gmail.com

**PRESIDENT**
**Dr.M.E.Kuriakose**
Secretary,
M.O.C Colleges,
Catholicate Aramana,
Devalokam (Po),
Kottayam-686 004
Mob.9447101513

**GENERAL SECRETARY**
**Dr.M.Usman**
V/427 Camp Office,
Schoolparamba,
Pazhamallure (Po)
Malappuram Dt.676 506
Mob.9447255581

**TREASURER**
**Rev. Sr.Dr.Vinitha CSST**
Director,
St.Teresas' College,
Park Avenue, Marine Drive ,
Ernakulam- 682 011
Mob.9961441698

**VICE PRESIDENTS**
**1.Sri.G.Somarajan**
Administrative Officer, S.N.Trust,
Kollam-1
Cell: 9846328700
**2.Dr.P.A. Fazal Gafoor**
President,
M.E.S, Calicut-1
Cell: 9847233800
**3.Sri.P.A.Hilal Babu**
Secretary & Manager
M.S.M College,Kayamkulam
Cell: 9846002725
**4.Sri.C.P.Kunhimohammed**
Manager,
Farook College (Autonomous)
Farook College (Po), Calicut.673632
Cell: 9895099990

**JOINT SECRETARIES**
**1.Manager**
Mar Ivanious College
Thiruvananthapuram- 15
**2.Fr.James John Mangalath**
Principal,
St.Thomas College,Palai- 686575
Cell: 9447140857
**3.Sri.O.Abdul Ali**
Manager,
KAHM Unity Womens' College
Narukara (Po), Manjeri-676122
Cell: 9895478080

**CHIEF ADVISOR**
**Prof.R.Prasannakumar**
(Former President KPCMA . Former Secretary,
N.S.S.Central Committee of Colleges),
MRA No.21, Mythri Nagar,
Perunna East, Changanasery-686102


KPCMA/H.Edn/1/2020 13-07-2020

To

Sri. K.T. Jaleel,
Hon.'ble Minister for Higher Education,
Government of Kerala,
Thiruvananthapuram.

Sir,

Sub:- കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ ആശ്രിത നിയമനം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേരള പ്രൈവറ്റ് കോളേജ് മാനേജ്മെന്റ്സ് അസോസിയേഷന്റെ അഭിപ്രായം അറിയിക്കുന്നത് സംബന്ധിച്ച്.

Ref:- G.O.(P) No. 10/2020/H.Edn. dated, 17/02/2020.

മേൽ സൂചന (Enclosure-1) പ്രകാരം കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ ആശ്രിതനിയമനം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഏകപക്ഷീയമായി പുറപ്പെടുവിച്ചിരിക്കുകയാണല്ലോ. ഇത് സംബന്ധിച്ച് താഴെ പറയുന്ന വസ്തുതകൾ അങ്ങയുടെ സവിശേഷശ്രദ്ധയിലേക്കും തുടർ നടപടികൾക്കുമായി സമർപ്പിക്കുന്നു.

എയ്ഡഡ് കോളേജുകളിൽ ആശ്രിതനിയമനം നടപ്പിലാക്കുന്നത് സംബന്ധിച്ച് 30.05.2013 ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ എയ്ഡഡ് കോളേജ് മാനേജ്മെന്റ് പ്രതി നിധികളുമായി സർക്കാർ ചർച്ച നടത്തിയിരുന്നു. യാതൊരു നിയമവുമില്ലാതെ തന്നെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിയമനങ്ങളിൽ അർഹമായ പരിഗണന നൽകാറുണ്ടെന്നും ഈ വിഷയത്തിൽ സർക്കാർ തീരുമാനം അടിച്ചേൽപ്പിക്കുന്നത് നിലവിലുള്ള Direct Payment Agreement- ന് എതിരാണെന്നും മാനേജ്മെന്റിന്റെ അധികാരത്തിലുള്ള കൈകടത്തലാണെന്നും ചർച്ചയിൽ പങ്കെടുത്ത് ഞങ്ങളുടെ പ്രതിനിധികൾ ചൂണ്ടിക്കാട്ടിയിരുന്നു. ആശ്രിതർക്ക് നിയമനം നൽകുമ്പോൾ അവരുടെ സ്വഭാവം, യോഗ്യത, കഴിവ് എന്നിവ അളക്കുവാൻ മാർഗ്ഗമില്ലെന്നും ഇതൊരു പ്രധാന ബുദ്ധിമുട്ടാണെന്നും അവർ ചൂണ്ടിക്കാണിക്കുകയുണ്ടായി. മാനേജ്മെന്റ് പ്രതിനിധികൾ ഉയർത്തിയ ആശങ്കകൾ ദൂരീകരിക്കുന്ന തരത്തിലുള്ള തീരുമാനമായിരിക്കും സർക്കാർ സ്വീകരിക്കുകയെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചിരുന്നു. (**Enclosure -** 2. 30.05.2013 ന് നടന്ന ചർച്ചയുടെ മിനിറ്റ്സ്).

എന്നാൽ 07.10.2013 ന് സ. ഉ. നം. 636/2013/പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ആശ്രിതനിയമന പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവിറക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള കരട് മാർഗ്ഗരേഖ അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. (**Encl. 3-** 07.10.2013ലെ സർക്കാർ ഉത്തരവ്). എന്നാൽ ഈ കരട് മാർഗ്ഗരേഖ മാനേജ്മെന്റുകളുമായി ചർച്ച ചെയ്യുകയോ അവരുടെ അഭിപ്രായം ആരായുകയോ ചെയ്യുകയുണ്ടായില്ല. ഇപ്രകാരം ഈ വിഷയത്തിലെ ഏറ്റവും പ്രധാന കക്ഷികളായ കോളേജ് മാനേജ്മെന്റുകളുമായി യാതൊരു തരത്തിലുള്ള ആശയവിനിമയവും നടത്താതെയാണ് എയ്ഡഡ് കോളേജുകളിൽ ആശ്രിതനിയമനം നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ, സൂചനയിൽ പരാമർശിച്ച 17.02.2020 - ലെ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്. ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഇത്തരത്തിലുള്ള ഏകപക്ഷീയമായ സർക്കാർ ഉത്തരവ് എയ്ഡഡ് കോളേജുകൾക്ക് ബാധകമായ Direct Payment Agreemtent, സർവകലാശാല സ്റ്റാറ്റ്യൂട്ടുകൾ എന്നിവയുടെ ലംഘനവും മാനേജ്മെന്റുകളുടെ, വിശിഷ്യാ ന്യൂനപക്ഷ മാനേജ്മെന്റുകളുടെ അവകാശാധികാരങ്ങളെ ഹനിക്കുന്നതുമാണ്.



KERALA PRIVATE COLLEGE MANAGEMENTS

കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ എയ്ഡഡ് മാനേജ്മെന്റുകൾ നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ജീവനക്കാർക്ക് സാമൂഹ്യസുരക്ഷാ പദ്ധതികൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ കേരളത്തിലെ എയ്ഡഡ് കോളേജ് മാനേജ്മെന്റുകൾ എന്നും മുൻപന്തിയിലാണ്. ആശ്രിതനിയമനവുമായി ബന്ധപ്പെട്ട വിഷയത്തിന്റെ സാമൂഹ്യമാനത്തെക്കുറിച്ചും മാനേജ്മെന്റുകൾക്ക് ഉത്തമബോധ്യമുണ്ട്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കപ്പെടണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

1. എയ്ഡഡ് കോളേജുകളിൽ ആശ്രിതനിയമന പദ്ധതി നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്പോൾ മാത്രം തയ്യാറാക്കിയ സാഹചര്യത്തിൽ 07.10.2013 മുതൽ പദ്ധതിക്ക് മുൻകാലപ്രാബല്യം നൽകുന്നതിനുള്ള തീരുമാനം റദ്ദാക്കേണ്ടതാണ്.

2. എയ്ഡഡ് കോളേജുകളിൽ സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുമ്പോൾ അവരുടെ യോഗ്യത, കഴിവ്, സ്വഭാവം എന്നിവ വിലയിരുത്തുന്നതിന് Direct Payment Agreement, വിവിധ സർവകലാശാല സ്റ്റാറ്റ്യൂട്ടുകൾ എന്നിവ അനുശാസിക്കുന്ന തരത്തിലുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതും ഇത്തരം ഉദ്യോഗാർത്ഥികൾ ഈ കമ്മിറ്റിയുടെ മുമ്പാകെ യോഗ്യതാപരിശോധനക്കായി കൂടിക്കാഴ്ചക്ക് ഹാജരാകേണ്ടതിനായി മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തേണ്ടതുമാണ്.

3. എയ്ഡഡ് കോളേജുകളിൽ സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതനിയമനം ഇത്തരം കോളേജുകളിൽ നിലവിലുള്ള സംവരണത്തെ ബാധിക്കാത്ത തരത്തിലായിരിക്കേണ്ടതാണ്.

4. എയ്ഡഡ് കോളേജുകളിൽ അനധ്യാപക പാറ്റേൺ പരിഷ്കരിച്ചുകൊണ്ട് G.O.(MS)No. 60/2016/H.Edn ആയി 29.02.2016- ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ (**Encl. 4** - 29.02.2016- ലെ സർക്കാർ ഉത്തരവ്). അപാകതകൾ പരിഹരിച്ച് നടപ്പിലാക്കിയതിന് ശേഷം മാത്രമേ ആശ്രിതനിയമനപദ്ധതി നടപ്പിലാക്കാവൂ. ആയതിനാൽ അനോമലി പരിഹരിക്കാനെന്ന പേരിൽ സ്റ്റാഫ് പാറ്റേണിൽ വീണ്ടും **E** ഗ്രേഡ് പുനസ്ഥാപിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും അപേക്ഷിക്കുന്നു.



KERALA PRIVATE COLLEGE MANAGEMENT

എയ്ഡഡ് കോളേജുകളുടെ അനധ്യാപക സ്റ്റാഫ്പാറ്റേണിൽ **E** ഗ്രേഡ് പുനസ്ഥാപിക്കുന്നത് ആശ്രിതനിയമനം വഴി നികത്തേണ്ട ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ വൻ കുറവ് വരുത്തുമെന്നുള്ളത് കൊണ്ട് എയ്ഡഡ് കോളേജുകളിൽ **E** ഗ്രേഡ് പുനസ്ഥാപിച്ച് കൊണ്ട് ആശ്രിതനിയമനം നടപ്പിലാക്കുന്നതിനെ ഞങ്ങൾ ശക്തിയായി എതിർക്കുന്നു.

മേൽ സമർപ്പിച്ച കാര്യങ്ങളിൽ അന്തിമതീരുമാനം കൈക്കൊള്ളുന്നതിന് മുമ്പായി സർക്കാർ മാനേജ്മെന്റുകളുമായി ചർച്ചക്ക് തയ്യാറാവണമെന്നും അതു വരെ സൂചന പ്രകാരമുള്ള എയ്ഡഡ് കോളേജുകളിലെ ആശ്രിതനിയമനപദ്ധതി നിർത്തി വെക്കണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

എന്ന് ,

വിശ്വസ്തതയോടെ,

**Dr. M.USMAN**
General Secretary
Kerala Private College Managements' Association

Copy to: 1) Principal Secretary, Higher Education,
Government of Kerala, Thiruvananthapuram.

2) Director of Collegiate Education, Government of Kerala,
Thiruvananthapuram.

KERALA PRIVATE COLLEGE MANAGEMENTS' ASSOCIATION ★ Reg.No. TR12/1960 03-06-1960